2026
NOVEMBER
04
TUESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



ഇന്ത്യൻ കയർ കയറ്റുമതിയിൽ 52% വളർച്ച; വരുമാനം 6,614 കോടി രൂപയായി

ന്യൂദൽഹി: ഇന്ത്യയുടെ പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായം കയറ്റുമതിയിൽ മികച്ച നേട്ടം കൈവരിച്ചിരിക്കുകയാണ്. 2025-26 സാമ്പത്തിക വർഷത്തിൽ കയർ ഉൽപന്നങ്ങളുടെ കയറ്റുമതി വരുമാനം 6,614.40 കോടി രൂപയായി ഉയർന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 4,343.45 കോടി രൂപയായിരുന്നു. ഇതോടെ ഒരു വർഷത്തിനിടെ കയറ്റുമതിയിൽ ഏകദേശം 52.3 ശതമാനത്തിന്റെ വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ലോകത്തെ ഏറ്റവും വലിയ കയർ ഉൽപാദകകയറ്റുമതി രാജ്യമാണ് ഇന്ത്യ. ആഗോള കയർ ഉൽപാദനത്തിന്റെ ഏകദേശം മൂന്നിൽ രണ്ട് ഭാഗവും ഇന്ത്യയിൽ നിന്നാണ്. പ്രകൃതിദത്തവും പരിസ്ഥിതി സൗഹൃദവുമായ ഉൽപന്നങ്ങൾക്ക് രാജ്യാന്തര വിപണിയിൽ വർധിച്ചുവരുന്ന ആവശ്യകതയാണ് കയർ കയറ്റുമതിയിലെ ഈ വളർച്ചയ്ക്ക് പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്.സാമ്പത്തികം പഠിക്കുക

അമേരിക്ക, ചൈന, നെതർലൻഡ്സ്, സ്പെയിൻ, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളാണ് ഇന്ത്യൻ കയർ ഉൽപന്നങ്ങളുടെ പ്രധാന വിപണികൾ. കയർ പിത്ത്, കയർ നാര്, കയർ നൂൽ, ടഫ്റ്റഡ് മാറ്റുകൾ തുടങ്ങിയവയാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

പൂന്തോട്ട പരിപാലനം, കൃഷി, നിർമ്മാണ മേഖല, ഗൃഹോപകരണങ്ങൾ എന്നിവയിൽ കയർ ഉൽപന്നങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്.

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആകെ വിറ്റുവരവ് ഏകദേശം 16,000 കോടി രൂപയാണ്. രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ ഏകദേശം ഒരു ശതമാനത്തോളം സംഭാവനയും ഈ മേഖല നൽകുന്നു. നേരിട്ടും പരോക്ഷമായും ഏഴ് ലക്ഷത്തിലധികം ആളുകൾക്ക് ഈ വ്യവസായം തൊഴിൽ നൽകുന്നുണ്ട്. ഇതിൽ ഏകദേശം 80 ശതമാനവും ഗ്രാമീണ മേഖലയിലെ സ്ത്രീകളാണ്.

രാജ്യത്തുടനീളം 21,000ത്തിലധികം കയർ സംരംഭങ്ങൾ ഉണ്ട്. ഇവയിൽ 2.3 ലക്ഷത്തോളം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടെ കയർ കയറ്റുമതി വരുമാനം 1,630.33 കോടി രൂപയിൽ നിന്ന് 6,614.40 കോടി രൂപയായി ഉയർന്നു. ഇത് 305 ശതമാനത്തിലധികം വളർച്ചയാണ്.

കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനും സംരംഭകരുടെ ഉന്നമനത്തിനുമായി കേന്ദ്രസർക്കാർ 'കയർ വികാസ് യോജന' നടപ്പാക്കുന്നുണ്ട്. പുതിയ സാങ്കേതികവിദ്യകൾ, യന്ത്രങ്ങൾ, നൈപുണ്യ പരിശീലനം, വിപണന സഹായം, അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കാളിത്തം എന്നിവയ്ക്ക് പദ്ധതി പിന്തുണ നൽകുന്നു.

പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങളോടുള്ള ആഗോള താൽപര്യം വർധിക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ കയർ വ്യവസായത്തിന് കൂടുതൽ വളർച്ചാ സാധ്യതകളാണുള്ളത്.

പ്രത്യേകിച്ച് കേരളം പോലുള്ള പരമ്പരാഗത കയർ ഉൽപാദന കേന്ദ്രങ്ങൾക്ക് ഈ മുന്നേറ്റം പുതിയ തൊഴിലവസരങ്ങളും കയറ്റുമതി സാധ്യതകളും സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ.



ഒക്ടോബറിലെ ജിഎസ്ടി വരുമാനം 2.31 ലക്ഷം കോടി

ന്യൂദൽഹി: ഒക്ടോബറിലെ ജി.എസ്.ടി. വരുമാനത്തിൽ റെക്കോഡ് വർധന. മുൻവർഷത്തെ അപേക്ഷിച്ച് 22.9 ശതമാനമാണ് വർധന. ഉത്സവ സീസണിലെ റെക്കോഡ് വിൽപ്പനയും ഇറക്കുമതി വരുമാനത്തിലുണ്ടായ മുന്നേറ്റവുമാണ് ഈ നേട്ടത്തിന് പിന്നിൽ. ഒക്ടോബറിലെ ജി.എസ്.ടി. വരുമാനം 2.31 ലക്ഷം കോടി രൂപയായി.

നടപ്പ് സാമ്പത്തികവർഷത്തെ രണ്ടാമത്തെ ഉയർന്ന വരുമാനമാണിത് (ഏപ്രിലിലെ 2.43 ലക്ഷം കോടി രൂപയ്ക്ക് തൊട്ടുപിന്നിൽ). നാലാമത്തെ മാസമാണ് ജി.എസ്.ടി. വരുമാനം രണ്ട് ലക്ഷം കോടി രൂപയ്ക്ക് മുകളിൽ വരുന്നത്.

വാഹനവിൽപ്പനയിൽ മികച്ച നേട്ടമുണ്ടാക്കാനായി. 5,28,384 യൂണിറ്റുകൾ വിറ്റഴിച്ചതോടെ, നടപ്പ് സാമ്പത്തികവർഷത്തിൽ ആദ്യമായി 5.2 ലക്ഷം യൂണിറ്റ് എന്ന നാഴികക്കല്ല് മറികടന്നു.

രാജ്യത്തെ സാമ്പത്തിക മുന്നേറ്റത്തിന്റെ സൂചനയാണ് ജി.എസ്.ടി.യിലെ കുതിപ്പ്. ഇറക്കുമതി ജി.എസ്.ടി. വരുമാനം 42.2 ശതമാനം വർധിച്ച് 72,246 കോടി രൂപയായി.

ആഭ്യന്തര ജി.എസ്.ടി. വരുമാനം 15.8 ശതമാനം വർധിച്ച് 1.59 ലക്ഷം കോടി രൂപയിലെത്തി.

നടപ്പ് സാമ്പത്തികവർഷത്തെ ആദ്യ ഏഴ് മാസത്തെ മൊത്തം ജി.എസ്.ടി. വരുമാനം 14.78 ലക്ഷം കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിലെ 13.05 ലക്ഷം കോടി രൂപയെക്കാൾ 13.2 ശതമാനം വളർച്ചയാണ് നേടിയത്.

വൻ ലാഭമുണ്ടാക്കി എണ്ണക്കമ്പനികൾ; ആദായവർധന 68 ശതമാനം

മുംബൈ: നടപ്പ് സാമ്പത്തികവർഷത്തെ ആദ്യപാദത്തിലെ തിരിച്ചടികൾക്കുശേഷം മികച്ച നേട്ടമുണ്ടാക്കി എണ്ണക്കമ്പനികൾ. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം, ഭാരത് പെട്രോളിയം എന്നീ കമ്പനികൾ അറ്റാദായത്തിൽ 68.3 ശതമാനം വളർച്ച നേടി. ഇതോടെ ഈ കമ്പനികളുടെ മൊത്തം ലാഭം 30,103 കോടി രൂപയായി. കഴിഞ്ഞ സാമ്പത്തികവർഷത്തെ മൊത്തം ലാഭമായ 77,281 കോടി രൂപയുടെ 39 ശതമാനത്തോളം ഈ പാദത്തിലൂടെ മാത്രം സമാഹരിക്കാനായി.

മൂന്നു കമ്പനികളുടെയും കൂടി മൊത്തം വരുമാനം മുൻവർഷത്തെ 4.35 ലക്ഷം കോടി രൂപയിൽനിന്ന് 5.60 ലക്ഷം കോടിയായി. 29 ശതമാനമാണ് വർധന. ചില്ലറ വില്പനയിലെ വിലനിയന്ത്രണങ്ങൾ തുടരുമ്പോഴും ക്രൂഡ് ഓയിൽ സംസ്കരണത്തിൽനിന്നുള്ള ഉയർന്ന ആദായവും ഇടയ്ക്കിടെയുണ്ടായ ക്രൂഡ് വിലയിടിവുമാണ് ഈ നേട്ടത്തിനു പിന്നിൽ.

ജൂൺ പകുതിമുതൽ ഓഗസ്റ്റ് പകുതിവരെ ആഗോളവിപണിയിൽ ക്രൂഡ് വിലയിലുണ്ടായ താത്കാലിക കുറവ് കമ്പനികളുടെ ഇന്ധനസംസ്കരണച്ചെലവ് കുറയ്ക്കാൻ സഹായിച്ചു.

ICL
Join ICL, Grow with us
ICL Fincorp
*As Per EMI Scheme Basis *T&C Apply
ഗോൾഡ് ലോൺ @ 7.5* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

വണ്ടർലാ ഹോളിഡേയ്സിന് രണ്ടാം പാദത്തിൽ മികച്ച സാമ്പത്തിക നേട്ടം

കൊച്ചി: ഇന്ത്യയിലെ പ്രമുഖ അമ്യൂസ്മെന്റ് പാർക്ക് ശൃംഖലയായ വണ്ടർലാ ഹോളിഡേയ്സ് ലിമിറ്റഡ് നടപ്പ് സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ എക്കാലത്തെയും മികച്ച സാമ്പത്തിക നേട്ടം കൈവരിച്ചു. ചെന്നൈ പാർക്കിലെ പുതിയ ശേഷി വർധനവും കൊച്ചി, ബെംഗളൂരു പാർക്കുകളിലെയും റിസോർട്ടുകളിലെയും ശക്തമായ വളർച്ചയുമാണ് കമ്പനിക്ക് തുണയായത്.

കഴിഞ്ഞ വർഷത്തെ സമാന പാദത്തെ അപേക്ഷിച്ച് മൊത്തം വരുമാനം 42 ശതമാനം വർധിച്ച് 126 കോടി രൂപയിലെത്തി. എബിറ്റ്ഡ 90 ശതമാനം ഉയർന്നപ്പോൾ മാർജിൻ 18 ശതമാനത്തിൽ നിന്ന് 24 ശതമാനമായി മെച്ചപ്പെട്ടു. കഴിഞ്ഞ വർഷത്തെ രണ്ടാം പാദത്തിലെ നഷ്ടത്തിൽ നിന്ന് കമ്പനി ഇത്തവണ ലാഭത്തിലേക്ക് തിരികെ എത്തുകയും ചെയ്തു.



സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കമ്പനിയുടെ മൊത്തം വരുമാനം 41 ശതമാനം വർധിച്ച് 378 കോടി രൂപയായി. ആദ്യ പകുതിയിലെ എബിറ്റ്ഡയിൽ 47 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തിയത്.

പുതുതായി പ്രവർത്തനമാരംഭിച്ച ചെന്നൈ പാർക്ക് ആദ്യ ആറു മാസത്തിനുള്ളിൽ 73 കോടി രൂപയുടെ വരുമാന സംഭാവന നൽകി. രണ്ടാം പാദത്തിൽ മാത്രം ചെന്നൈ പാർക്ക് 27.7 കോടി രൂപ നേടി കമ്പനിയുടെ മറ്റ് പ്രധാന പാർക്കുകൾക്കൊപ്പമെത്തി. ഹൈദരാബാദ് പാർക്ക് ആദ്യ പകുതിയിൽ എക്കാലത്തെയും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

കൊച്ചി പാർക്കിനും റിസോർട്ടുകൾക്കും മികച്ച പാദം

കേരളത്തിലെ കൊച്ചി പാർക്കും ബെംഗളൂരു പാർക്കും റിസോർട്ട് ബിസിനസുകളും കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച രണ്ടാം പാദ വരുമാനമാണ് രേഖപ്പെടുത്തിയത്.

ഉപഭോക്തൃ സേവനങ്ങളുടെ തരം മെച്ചപ്പെടുത്തിയതും പ്രീമിയം ഓഫറുകൾ നൽകിയതും വഴി ഉപഭോക്താവിൽ നിന്നുള്ള ശരാശരി വരുമാനം രണ്ടാം പാദത്തിൽ ഒരു ശതമാനവും ആദ്യ പകുതിയിൽ 5 ശതമാനവും വർധിച്ചു.

വരുന്ന ഉത്സവ സീസണിലേക്ക് വലിയ മുന്നേറ്റത്തോടെയാണ് കമ്പനി പ്രവേശിക്കുന്നതെന്നും ലാഭക്ഷമതയും പ്രവർത്തനക്ഷമതയും നിലനിർത്തി സുസ്ഥിര വളർച്ച ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നും വണ്ടർലാ ഹോളിഡേയ്സ് എക്സിക്യൂട്ടീവ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ ചിറ്റിലപ്പിള്ളി വ്യക്തമാക്കി.

സൊസൈറ്റി ടുഡേ SOCIETY TODAY



കുസാറ്റിൽ അറ സാംസ്കാരികോത്സവത്തിന് തുടക്കമായി

കൊച്ചി: ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീളുന്ന സാംസ്കാരികോത്സവം 'അറ (അ മുതൽ റ വരെ) - വിജ്ഞാനത്തിന്റെയും സംവാദത്തിന്റെയും ഇടം' എഴുത്തുകാരനും തിരക്കഥാകൃത്തുമായ പി. വി. ഷാജികുമാർ ഉദ്ഘാടനം ചെയ്തു. കുസാറ്റ് വൈസ് ചാൻസലർ പ്രൊ ഫ. ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കബീർ. കെ. കെ, ഡോ. പ്രവീൺ. സി. എസ്, രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി, പരീക്ഷാ കൺട്രോളർ ഡോ. ജാബിർ. കെ. വി. റ്റി, ഫിനാൻസ് ഓഫീസർ സിഎംഎ ഗിരീഷ് കുമാർ പി. ജി, പബ്ലിക് റിലേഷൻസ് ഓഫീസർ ഉമേഷ് ബാലകൃഷ്ണൻ എന്നിവർ ഉമ്മെടുത്തു. ഉദ്ഘാടന ദിവസം സംഘടിപ്പിച്ച സായാഹ്ന ചർച്ചയിൽ അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനുമായ അഡ്വ. എ. ജയശങ്കർ അതിഥിയായി പങ്കെടുത്തു.നവംബർ രണ്ട് മുതൽ ഏഴ് വരെ നടക്കുന്ന പരിപാടിയിൽ വിവിധ മത്സരങ്ങൾ, സായാഹ്ന ചർച്ചകൾ, പുസ്തകമേള, ഖാദി ഫെസ്റ്റ് എന്നിവയാണ് ഒരുക്കിയിരിക്കുന്നത്.

ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി ഒരാഴ്ച നീളുന്ന പരിപാടികളിൽ അധ്യാപകനും മലയാള ചലച്ചിത്രഗാന ചരിത്രകാരനുമായ ഡോ. സജിത്ത് ഏവൂരേത്ത്, എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ മാങ്ങാട് രത്നാകരൻ, 24 ന്യൂസ് സാഹിത്യവിഭാഗം മേധാവി സ്മിത ഹരിദാസ്, എഴുത്തുകാരായ കെ. വി. മോഹൻകുമാർ ഐ.എ.എസ് (റിട്ട.), ശ്രീപാർവതി, എസ്. കെ. ഹരിനാഥ്, മാധ്യമപ്രവർത്തകരായ ജിഷ്ണു രവീന്ദ്രൻ, നിഷാന്ത് എം. വി., ജയമോഹൻ, സെയ്ഫ് സെയ്നുലാബ്ദീൻ, പന്തളം എൻ.എസ്.എസ്. കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുരുകേഷ് എസ്. പട്ടാഴി എന്നിവർ വി വിധ ദിവസങ്ങളിലായി പങ്കെടുക്കും.

അന്റാർട്ടിക്കയിലെ ശാസ്ത്ര പര്യവേഷണത്തിന് സിഫ്റ്റ് ഗവേഷക



കൊച്ചി: അന്റാർട്ടിക്കയിലേക്കുള്ള 46ാമത് ഇന്ത്യൻ ശാസ്ത്ര പര്യവേഷണത്തിൽപങ്കെടുക്കാൻ കൊച്ചി ഐ.സി.എ.ആർ- സിഫ്റ്റിലെ ഗവേഷണ വിദ്യാർഥിനി ആതിര എ. എസ്. തിരഞ്ഞെടുക്കപ്പെട്ടു. നവംബർ 7 ന് ഇന്ത്യയിൽ നിന്ന് പുറപ്പെടുന്ന പര്യവേഷണത്തിന്റെ ഭാഗമായി ആതിര അന്റാർട്ടിക്കയിലെ മൈത്രി ഗവേഷണ കേന്ദ്രത്തിൽ ഗവേഷണം നടത്തും.

കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിൽ ഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് ഏകോപിപ്പിക്കുന്ന 'അന്റാർട്ടിക്കയിലെ പ്രകൃതിവ്യവസ്ഥകളിലെ മലിനീകരണ ഘടകങ്ങളുടെ വിലയിരുത്തൽ' എന്ന പദ്ധതിയുടെ ഭാഗമായാണ് ഗവേഷണം. സിഫ്റ്റും എൻ.സി.പി.ഒ.ആർഉം സഹകരിച്ചാണ് പഠനം നടത്തുന്നത്. അന്റാർട്ടിക്കയിലെ മണ്ണിൽ കാണപ്പെടുന്ന ആകൃിനോമൈസീറ്റുകൾ എന്ന സൂക്ഷ്മജീവികളുടെ വൈവിധ്യം പഠിക്കുകയാണ് ആതിരയുടെ ഗവേഷണ ലക്ഷ്യം. മണ്ണിൽനിന്ന് ഈ സൂക്ഷ്മജീവികളെ വേർതിരിച്ചെടുത്ത് അവയുടെ സവിശേഷതകളും കഠിനമായ കാലാവസ്ഥയിൽ അതിജീവിക്കാനുള്ള കഴിവും വിലയിരുത്തപ്പെടും.

ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഔഷധപ്രാധാന്യമുള്ള പദാർഥങ്ങൾ ഉൽപ്പാദിപ്പിക്കാൻ ഈ സൂക്ഷ്മജീവികൾക്ക് കഴിയുമോ എന്നും ഗവേഷണത്തിലൂടെ പരിശോധിക്കും. പുതിയ ജൈവസജീവ സംയുക്തങ്ങൾ കണ്ടെത്തുന്നതിനും സൂക്ഷ്മജീവികളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിനും ഈ പഠനം സഹായമാകും.സൂക്ഷ്മജീവികളുടെ വൈവിധ്യത്തെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതിനും ഭാവിയിൽ ഔഷധഗവേഷണത്തിനും ജൈവ സാങ്കേതികവിദ്യാ മേഖലയ്ക്കും പ്രയോജനപ്പെടാവുന്ന പുതിയ സംയുക്തങ്ങൾ കണ്ടെത്തുന്നതിനും ഈ ഗവേഷണം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആതിരയുടെ പങ്കാളിത്തം സിഫ്റ്റിന്റെ ഗവേഷണ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ദേശീയ അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും സഹായകമാകും.



റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സ് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു

കൊച്ചി: ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദോഷകരമായ ഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനായി, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സ് ഒരു പ്രാദേശിക സ്കൂളിൽ മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. സെമിനാർ കസ്റ്റംസ് പ്രിവന്റീവ് സൂപ്രണ്ട് വിവേക് വാസുദേവൻ നായർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

മുഖ്യപ്രഭാഷണം നടത്തിയ ശ്രീ. നായർ, മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾ എവിടേക്കാണ് പോകുന്നതെന്ന് വളരെ ശ്രദ്ധിക്കണമെന്നും, വിദ്യാർത്ഥികൾ തന്നെ ജാഗ്രത പാലിക്കുകയും നല്ല സഹപാഠികളുടെ ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുകയും വേണമെന്നും എടുത്തുപറഞ്ഞു. മയക്കുമരുന്നിന് അടിമപ്പെടുന്നതിന്റെ വിനാശകരമായ വ്യക്തിപരവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ വിശദീകരിക്കുന്ന ഒരു ആകർഷകമായ സെഷൻ അദ്ദേഹം നടത്തി, നിയമവിരുദ്ധ വസ്തുക്കളിൽ നിന്ന് വിട്ടുനിൽക്കുന്നതിനെക്കുറിച്ചുള്ള പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾ പങ്കുവെച്ചു. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സ് പ്രസിഡന്റ് റോട്ടേറിയൻ അഡ്വ. അനിത മത്തായി മുതിരേന്തി അധ്യക്ഷത വഹിച്ചു. റോട്ടേറിയൻ കെ.വി. തോമസ്, റോട്ടേറിയൻ ലീലാമ്മ തോമസ്, റോട്ടേറിയൻ കെ.വി. കൃഷ്ണകുമാർ തുടങ്ങിയ പ്രധാന ഭാരവാഹികളും ചടങ്ങിൽ സംസാരിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

സമഗ്രപരിഷ്കരണത്തിനൊരുങ്ങി ജലവിഭവ വകുപ്പ്; ജലനയം രൂപീകരിക്കും: മന്ത്രി അഡ്വ. മോൻസ് ജോസഫ്



തിരുവനന്തപുരം: ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് ജലനയം രൂപീകരിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്. സംസ്ഥാന ജലവിഭവ വകുപ്പും വാട്ടർ അതോറിറ്റിയും കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിനാണ് സമഗ്രമായ ജലനയവും വിവിധ പരിഷ്കരണ പദ്ധതികളും നടപ്പാക്കുന്നത്. 2027ന്റെ തുടക്കത്തിൽ തന്നെ ജലനയം പ്രഖ്യാപിക്കുമെന്നും പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു. സമഗ്രമായ ജലനയം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡിസംബർ ആദ്യവാരം തിരുവനന്തപുരത്ത് 'കേരള വാട്ടർ കോൺക്ലേവ്' സംഘടിപ്പിക്കും. അന്താരാഷ്ട്ര ദുരന്തനിവാരണ വിദഗ്ധൻ മുരളി തുമ്മാരുകുടി അടക്കമുള്ളവർ ഇതിൽ പങ്കാളികളാകും.

തലസ്ഥാന നഗരിയിൽ അരുവിക്കരയിൽ നിന്ന് പമ്പ് ചെയ്യുന്ന കുടിവെള്ളത്തിന്റെ പകുതിയോളം വിതരണത്തിലെത്തും മുൻപ് നഷ്ടപ്പെടുന്നത് കണ്ടെത്തി പരിഹരിക്കാൻ പുതിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൈലറ്റ് പ്രോജക്ട് ആരംഭിക്കും. വിജയിക്കുന്ന മുറയ്ക്ക് ഈ സാങ്കേതികവിദ്യ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കും.

തീരദേശ മേഖലകളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമെത്തിക്കുന്ന ഡീസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും രൂക്ഷമായ പോള ശല്യം പരിഹരിക്കാൻ പോള സംസ്കരിച്ച് മൂല്യവർധിത ഉൽപന്നങ്ങളാക്കുന്ന വിദേശ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും. ഇത്തരം പദ്ധതികൾ പഠിച്ച് നിർദേശിക്കുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചു.

കുടിവെള്ളഇറിഗേഷൻ പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കുന്നതിന് ജനുവരി മുതൽ 140 അസംബ്ലി മണ്ഡലങ്ങളിലും എംഎൽഎമാർ ചെയർമാൻമാരായി സമിതികൾ രൂപീകരിക്കും. തദ്ദേശ ജനപ്രതിനിധികളും വാട്ടർ അതോറിറ്റി, പിഡബ്ല്യുഡി, എൽഎസ്ജിഡി ഉദ്യോഗസ്ഥരും അടങ്ങുന്ന സമിതി പ്രതിമാസം യോഗം ചേരും. മൂന്ന് മാസത്തിലൊരിക്കൽ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല അവലോകനവും ആറു മാസത്തിലൊരിക്കൽ മന്ത്രിതല അവലോകനവും നടക്കും.

വാട്ടർ അതോറിറ്റി പൈപ്പിടാനായി വെട്ടിപൊളിക്കുന്ന പിഡബ്ല്യുഡി റോഡുകൾ ഇനി മുതൽ പിഡബ്ല്യുഡിയും ഗ്രാമീണ / പഞ്ചായത്ത് റോഡുകളാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നേരിട്ട് പുനരുദ്ധരിക്കും. റോഡ് പൊളിക്കുന്ന ഭാഗത്തിന്റെ പുനരുദ്ധാരണത്തിനുള്ള തുക വാട്ടർ അതോറിറ്റി അതത് വകുപ്പുകൾക്ക് കൈമാറും. ഇതുസംബന്ധിച്ച് വകുപ്പ് മന്ത്രിമാർ തമ്മിൽ ധാരണയായിട്ടുണ്ട്. ഉന്നതതല യോഗത്തിനു ശേഷം ഔദ്യോഗിക ഉത്തരവ് പുറപ്പെടുവിക്കും. മുല്ലപ്പെരിയാർ അണക്കെട്ടിൽ വിശദമായ സുരക്ഷാ പരിശോധനയ്ക്ക് അനുമതി നൽകിയ 2024ലെ സുപ്രീം കോടതി വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക ഹർജി നൽകും. മുതിർന്ന അഭിഭാഷകൻ മോഹൻ വി. കട്ടാർക്കിയെ പ്രധാന അഭിഭാഷകനായി നിയമിച്ചു. മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാടുമായുള്ള തർക്കം പരിഹരിക്കാൻ കേന്ദ്ര സർക്കാരിന്റെ സജീവ ഇടപെടൽ തേടും. അതേസമയം, ബേബി ഡാം വിഷയത്തിൽ കോടതി നിർദേശിച്ച വ്യവസ്ഥകൾ കേരളം പാലിച്ചിട്ടുണ്ടെന്ന് സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്.

ഇറിഗേഷന്റെയും വാട്ടർ അതോറിറ്റിയുടെയും കീഴിലുള്ള 22 ഡാമുകളിൽ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച സമഗ്ര വിലയിരുത്തൽ ഡിസംബർ 31നകം പൂർത്തിയാക്കും. ഡാം സൈറ്റുകളും കനാലുകളും വാട്ടർ ടാങ്ക് പരിസരങ്ങളും നവീകരിച്ച് ഇറിഗേഷൻ ടൂറിസം വികസിപ്പിക്കും. പൂട്ടിയിട്ടിരിക്കുന്ന മലമ്പുഴ ഉദ്യാനം അടിയന്തരമായി നവീകരിച്ച് തുറന്നുകൊടുക്കും. വകുപ്പിന്റെ ഭൂമികൾ അന്യാധീനപ്പെട്ടു പോകാതിരിക്കാൻ ആറ് മാസത്തിനകം അസറ്റ് മാപ്പിംഗ് നടത്തും. കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കും. ഡാം, കനാൽ നവീകരണം ഒരു പ്രോജക്ട് ആയിട്ട് എടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. കനാലുകൾ നവീകരിക്കാനും കനാലുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാനും കനാൽ പ്രദേശങ്ങളെ ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമാക്കി വികസിപ്പിക്കാനുള്ള കർമ്മ പരിപാടി കൂടി ആവിഷ്കരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടേതായിട്ടുള്ള സ്ഥലങ്ങൾ, ഇറിഗേഷൻ വക സ്ഥലങ്ങൾ, ഡാം സൈറ്റുകൾ, കനാൽ ഏരിയകൾ ഇങ്ങനെയുള്ള സ്ഥലങ്ങളെല്ലാം നവീകരിച്ചുകൊണ്ട് ജനോപകാരപ്രദമായ നിലയിലേക്കും ആ ഭൂമി മുഴുവൻ തൃപ്തികരമായി നിലനിർത്താൻ കഴിയുന്ന വിധത്തിലേക്കും വകുപ്പിനെ സജ്ജമാക്കും.

ജൽ ജീവൻ മിഷൻ പദ്ധതികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ള 8000 കോടിയോളം രൂപ ലഭ്യമാക്കാൻ കേന്ദ്ര ജലശക്തി മന്ത്രാലയവുമായി ചർച്ച നടത്തും. നബാർഡിൽ നിന്നുള്ള 7000 കോടി രൂപയുടെ വായ്പ ഉപയോഗിച്ച് കരാറുകാരുടെ കുടിശിക വലിയ അളവിൽ നൽകിയിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലും കഴക്കൂട്ടം, ടെക്നോസിറ്റി തുടങ്ങിയ മേഖലകളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ മാസ്റ്റർ പ്ലാൻ രൂപീകരിക്കും. ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കും.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ 4000 കോടി രൂപയുടെ തീരദേശ സംരക്ഷണ പദ്ധതി നടപ്പാക്കും. ചെല്ലാനം, പൊഴിയൂർ പദ്ധതികൾക്കുപുറമെ 10 പ്രധാന ഹോട്ട്സ്പോട്ടുകളാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ശംഖുമുഖം ബീച്ച് പുനസ്ഥാപിക്കാനുള്ള നടപടികളും പരിഗണനയിലുണ്ട്. രണ്ട് വർഷത്തിനുള്ളിൽ സാധ്യമാകുന്ന എല്ലാ പദ്ധതികളും പൂർത്തീകരിച്ച്, കഴിയുന്നത്ര സ്ഥലങ്ങളിൽ വെള്ളമെത്തിച്ച് കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ വകുപ്പിന്റെയും അധീനതയിലുള്ള ഗസ്റ്റ് ഹൗസുകളും ഇൻസ്പെക്ഷൻ ബംഗ്ലാവുകളും നവീകരിക്കും. ഇവ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ന്യായമായ വാടകയ്ക്ക് താമസിക്കാൻ തുറന്നുകൊടുക്കുന്നത് ആലോചിക്കുമെന്നും മന്ത്രി മോൻസ് ജോസഫ് പറഞ്ഞു.

സ്ത്രീകൾക്കെതിരായ സൈബർ ആക്രമണങ്ങൾ തടയാൻ പ്രത്യേക നിയമനിർമ്മാണം: മുഖ്യമന്ത്രി

തിരുവനന്തപുരം: സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കിയുള്ള മാതൃകാ വനിതാനയം വിട്ടുവീഴ്ചയില്ലാതെ ഇച്ഛാശക്തിയോടെ സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പൊതുവിടങ്ങളിലും തൊഴിലിടങ്ങളിലും വീടുകളിലും സ്ത്രീകൾ നേരിടുന്ന അക്രമങ്ങളിൽ നിന്നും അപമാനങ്ങളിൽ നിന്നും പൂർണ സംരക്ഷണം ഉറപ്പാക്കും. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിൽ എല്ലാ മേഖലയിലുള്ളവരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് വനിതാനയം തയ്യാറാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മകൾക്കൊപ്പം പദ്ധതിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ സംഘടിപ്പിക്കുന്ന ദ്വിദിന പുതുയുഗ വനിതാനയം ഹെർ സമ്മിറ്റ് 2026 ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾക്ക് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള ബൃഹദ് പദ്ധതികൾ ഈ വർഷം തന്നെ ആരംഭിക്കും. ഓരോ പ്രദേശത്തിനും അനുയോജ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും കണ്ടെത്തി വിപണനത്തിന് സർക്കാരിന്റെ സഹായവും നോളജ് പാർട്ണറുടെ പിന്തുണയും നൽകും. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ് പദ്ധതികൾ മാറ്റിവെക്കില്ലെന്നും സ്വപ്നപദ്ധതി പൂർണമായും നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സോഷ്യൽ മീഡിയയിൽ സ്ത്രീകൾ നേരിടുന്ന സൈബർ ആക്രമണങ്ങൾ തടയാൻ പ്രത്യേക നിയമനിർമ്മാണം നടത്തും.

മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷത്തിന് തുടക്കം

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷത്തിന് ആരംഭം. ഞായറാഴ്ച അഡ്മിൻസ്ട്രേറ്റീവ് ബ്ലോക്കിൽ നടന്ന പരിപാടിയിൽ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് ബാനർ അനാച്ഛാദനം ചെയ്ത് പ്രചരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ഭരണഭാഷാ സംഗമത്തിൽ ഫിനാൻസ് ഓഫീസർ ബിജു മാത്യു ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഔദ്യോഗിക ഭാഷാ സമിതി അധ്യക്ഷൻ പ്രൊഫസർ (ഡോ.) ഹരികുമാർ എസ്. ആമുഖ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. പി. കെ. മോഹൻരാജ്, ഡോ. ജോബിൻ ജോസഫ്, പ്രൊഫ. (ഡോ.) പ്രമോദ് ഗോപിനാഥ് എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. സർവകലാശാലാ ജീവനക്കാർ പരിപാടിയിൽ പങ്കെടുത്തു.

ക്ലാസുകൾ, പ്രശ്നോത്തരി തുടങ്ങി വിവിധ പരിപാടികളാണ് ഏഴാം തീയതി വരെ നീണ്ടുനിൽക്കുന്ന വാരാഘോഷത്തിൽ സംഘടിപ്പിക്കുന്നത്.

കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് നൽകണം

പെൻഷൻകാരുടെ 2027 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കാക്കുന്നതിനുള്ള അന്തിമ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം നവംബർ 20ന് മുൻപ് സമർപ്പിക്കണം.

സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) സർക്കുലർ, പെൻഷൻ പോർട്ടൽ എന്നിവിടങ്ങളിൽ ലഭിക്കുന്ന ഫോം പൂരിപ്പിച്ച് നടപ്പു സാമ്പത്തിക വർഷത്തെ സേവിംഗ് സിൻറെ അസ്സൽ രേഖകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം686560 എന്ന വിലാസത്തിലോ, ada8@mgu.ac.in എന്ന ഇമെയിലേക്കോ അയയ്ക്കണം.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംഎസ് ഡബ്ല്യു, എംഎജെഎംസിഎ, എംടിടിഎം, എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2026 അഡ്മിഷൻ റഗുലറും ഇംപ്രൂവ്മെൻറും, 2021-2025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നാലാം സെമസ്റ്റർ എംഎൽഐസി, (2026 അഡ്മിഷൻ റഗുലർ, 20212025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2026 പരീക്ഷകൾക്ക് നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 23 വരെയും അപേക്ഷ സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എൽഎൽഎം (2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.

പ്രാക്ടിക്കൽ

ഏഴാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം2023 അഡ്മിഷൻ റഗുലർ, 2020-2022 അഡ്മിഷനുകൾ സപ്ലിമെൻററി) ഒക്ടോബർ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 23 മുതൽ പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ വെച്ച് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ഒന്നു മുതൽ നാലു വർഷ എംഎസ്.സി മെഡിക്കൽ മൈക്രോബയോളജി (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഒക്ടോബർ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 9 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബിഎച്ച്എം (പുതിയ സ്കീം2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-23 അഡ്മിഷനുകൾ സപ്ലിമെൻററി) ഒക്ടോബർ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 19 മുതൽ പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ വെച്ച് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

മോഹൻലാലിന്റെ 368ാം ചിത്രം പ്രഖ്യാപിച്ചു
സംവിധാനം അനൂപ് സത്യൻ
നിർമ്മാണം ബിനു ജോർജ് അലക്സാണ്ടർ



മലയാള സിനിമയിൽ മറ്റൊരു ശ്രദ്ധേയ കൂട്ടുകെട്ടിന് തുടക്കമാകുന്നു. മോഹൻലാലിനെ നായകനാക്കി സത്യൻ അന്തിക്കാടിന്റെ മകൻ അനൂപ് സത്യൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന് കൊച്ചിയിൽ പൂജയോടെ തുടക്കമായി. മോഹൻലാലിന്റെ 368മത്തെ ചിത്രമെന്ന പ്രത്യേകതയുള്ള സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്ററും പുറത്തുവിട്ടിട്ടുണ്ട്.

ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസ് ആശീർവാദ് സിനിമാസ് എന്നീ ബാനറിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ നിർമ്മാണം നിർവ്വഹിക്കുന്നത് ബിനു ജോർജ് അലക്സാണ്ടർ ആണ്. മോഹൻലാലും അനൂപ് സത്യനും ആദ്യമായി ഒന്നിക്കുന്ന സിനിമയെന്ന നിലയിൽ പ്രഖ്യാപന സമയം മുതൽ തന്നെ പ്രേക്ഷകശ്രദ്ധ നേടിയിരുന്നു. ഫസ്റ്റ് ലുക്ക് പോസ്റ്റർ പതിവ് താരചിത്രങ്ങളിൽനിന്ന് വ്യത്യസ്തമാണ്. കടലും കായലും പച്ചപ്പും അതിനിടയിലൂടെ നീണ്ടുപോകുന്ന തീരദേശപാതയുമാണ് പോസ്റ്ററിന്റെ പ്രധാന പശ്ചാത്തലം. അനൂപ് സത്യന്റെ സംവിധാനത്തിലെത്തുന്ന രണ്ടാമത്തെ ചിത്രമാണിത്. 2020ൽ പുറത്തിറങ്ങിയ 'വരനെ ആവശ്യമുണ്ട്' ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യ സിനിമ. ദുൽഖർ സൽമാൻ, ശോഭന, സുരേഷ് ഗോപി, കല്യാണി പ്രിയദർശൻ എന്നിവർ പ്രധാന കഥാപാത്രങ്ങളായെത്തിയ ചിത്രം കുടുംബബന്ധങ്ങളും പ്രണയവും നർമവും വൈകാരികതയും ചേർത്തുള്ള അവതരണത്തിലൂടെ ശ്രദ്ധ നേടി. ശോഭനയും സുരേഷ് ഗോപിയും ഒന്നിച്ചെത്തിയതും ചിത്രത്തിന് വലിയ പ്രേക്ഷകശ്രദ്ധ നേടിക്കൊടുത്തു. പ്രണയവും കുടുംബജീവിതവും അവതരിപ്പിച്ച രീതിയും പഴയകാല മലയാള സിനിമയുടെ ഊഷ്മളതയും കാഴ്ചപ്പാടും ചേർത്തുള്ള അവതരണവും ചിത്രത്തിന്റെ ആകർഷണങ്ങളായിരുന്നു. തീയേറ്ററുകളിലും മികച്ച പ്രതികരണം നേടിയ ചിത്രം അനൂപിന് സംവിധായകനെന്ന നിലയിൽ ശക്തമായ തുടക്കമാണ് നൽകിയത്. ആദ്യ സിനിമയ്ക്കുശേഷം ആറ് വർഷത്തെ ഇടവേള കഴിഞ്ഞാണ് അനൂപ് പുതിയ ചിത്രവുമായി എത്തുന്നത്. മോഹൻലാലിനെപ്പോലൊരു വലിയ താരത്തെ നായകനാക്കി സിനിമ ചെയ്യാൻ തീരുമാനിച്ചതും കൗതുകമുണ്ടാക്കുന്നു. കാത്തുവച്ചിരുന്ന കഥയാണിതെന്നും തിരക്കഥ നടന് ഇഷ്ടപ്പെട്ട വ്യത്യസ്തമായ ഘടകമാണ് സിനിമ വേഗത്തിൽ മുന്നോട്ടുപോകാൻ കാരണമായതെന്നും അനൂപ് വെളിപ്പെടുത്തിയിരുന്നു.

ചിത്രത്തിന്റെ സാങ്കേതികസംഘവും ശ്രദ്ധേയമാണ്. 'ഭ്രമയുഗം' ഉൾപ്പെടെയുള്ള ചിത്രങ്ങളിലൂടെ ശ്രദ്ധ നേടിയ ഷെഹനാദ് ജലാൽ ഐ.എസ്.സി. ഛായാഗ്രഹണം നിർവഹിക്കുന്നു. 'തുടരും' ഉൾപ്പെടെയുള്ള ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ജേക്സ് ബിജോയ് സംഗീതസംവിധാനം നിർവഹിക്കുന്നു. കൈതപ്രമാണ് ഗാനരചന നിർവഹിക്കുന്നത്. പ്രശാന്ത് മാധവ് കലാസംവിധാനവും അനിൽ രാധാകൃഷ്ണൻ ലൊക്കേഷൻ സൗണ്ട്, സൗണ്ട് ഡിസൈൻ വിഭാഗങ്ങളും കൈകാര്യം ചെയ്യുന്നു. സുജിത്ത് സുധാകരനാണ് വസ്ത്രാലങ്കാരം. സ്റ്റണ്ട് സിൽവ ആക്ഷൻ രംഗങ്ങൾ ഒരുക്കുന്നു. ബിജു തോമസാണ് പ്രൊഡക്ഷൻ കൺട്രോളർ. അക്ഷയ് പ്രകാശാണ് പി ആർ ഒ.മോഹൻലാലിനൊപ്പം മുകേഷും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നുണ്ട്.



അജിത്തിനൊപ്പം ഉണ്ണി മുകുന്ദനും

ഗുഡ് ബാഡ് അഗ്ലിക്കു ശേഷം അജിത് കുമാറിനെ നായകനാക്കി ആദിക് രവിചന്ദ്രൻ ഒരുക്കുന്ന ഡെയർ ഡെവിളിൽ പ്രധാന വേഷത്തിൽ ഉണ്ണി മുകുന്ദനും. സൂരി നായകനായ ഗരുഡനുശേഷം ഉണ്ണി അഭിനയിക്കുന്ന തമിഴ് ചിത്രം കൂടിയാണിത്.

സിനിമയുടെ പൂജ കഴിഞ്ഞ ദിവസം ചെന്നൈയിൽ വച്ചു നടന്നു. ആദിക് രവിചന്ദ്രൻ രചനയും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രം നിർമിക്കുന്നത് ശാലിനി അജിത് കുമാറാണ്. 34 വർഷത്തെ സിനിമാജീവിതത്തിൽ ഇതാദ്യമായാണ് അജിത്ത് കുമാർ നിർമാണ രംഗത്തേക്ക് പ്രവേശിക്കുന്നത്.

ശ്രീലീലയാണ് നായിക. പാർത്ഥിപൻ, സുനിൽ, റെഡിൻ കിങ്സ്ലി, പ്രഭു, രാധിക, യോഗി ബാബു എന്നിവരടങ്ങുന്ന വൻ താരനിരയാണ് ചിത്രത്തിലുള്ളത്. അനിരുദ്ധ് രവിചന്ദർ സംഗീതസംവിധാനം നിർവഹിക്കുന്നു. അഭിനന്ദൻ രാമാനുജം ഛായാഗ്രഹണവും വിജയ് വേലുക്കുട്ടി എഡിറ്റിംഗും നിർവഹിക്കുന്നു.

സുപ്രീം സുന്ദറാണ് സംഘട്ടനസംവിധാനം. നവംബർ 12ന് ഹൈദരാബാദിൽ ചിത്രീകരണം ആരംഭിക്കും. ഫെബ്രുവരി അവസാനം വരെ നീണ്ടുനിൽക്കുന്ന തുടർച്ചയായ ഷെഡ്യൂളാണ് പ്ലാൻ ചെയ്തിരിക്കുന്നത്. തൃത്തുക്കുടി പശ്ചാത്തലമാക്കിയുള്ള ഒരു റൂറൽ ഡ്രാമയിലായിരിക്കും ചിത്രമെന്ന റിപ്പോർട്ടുകൾ ഉണ്ട്.



നയൻതാരയുടെ മൂക്കുത്തി അമ്മൻ 2: മഹാശക്തി നവംബർ ആറിന്

സുന്ദർ സി സംവിധാനം ചെയ്യുന്ന ചിത്രം നവംബർ ആറിന് ലോകവ്യാപകമായി തിയേറ്ററുകളിലെത്തും. വേൽസ് ഫിലിംസ് ഇന്റർനാഷണലിന്റെ ബാനറിൽ ഡോ. ഇഷാരി കെ. ഗണേഷ് ആണ് ചിത്രം നിർമ്മിക്കുന്നത്. മലയാളി പ്രേക്ഷകർക്ക് മികച്ച ചിത്രങ്ങൾ സമ്മാനിക്കുന്ന ഭാവന റിലീസാണ് കേരളത്തിൽ ചിത്രം വിതരണം ചെയ്യുന്നത്.

ദീപാവലി ആഘോഷങ്ങൾക്ക് കുടുംബസമേതം ആസ്വദിക്കാവുന്ന സമ്പൂർണ എന്റർടെയ്നറായിരിക്കും 'മൂക്കുത്തി അമ്മൻ 2 - മഹാശക്തി' എന്നാണ് അണിയറ പ്രവർത്തകരുടെ പ്രതീക്ഷ.

തൻറെ സിനിമകളിൽ ലോജിക് അന്വേഷിക്കാതെ മാജിക് ആസ്വദിക്കാനാണ് പ്രേക്ഷകർ തയ്യാറാകേണ്ടതെന്ന സുന്ദർ സിയുടെ പതിവ് ശൈലിയിൽ, ദൃശ്യവിസ്മയവും നർമ്മവും കുടുംബവിനോദവും കോർത്തിണക്കിയ മറ്റൊരു വിരുന്നായിരിക്കും ചിത്രം.

നവംബർ ആറിന് നടക്കുന്ന ചിത്രത്തിന്റെ ആഗോള റിലീസിനായി സിനിമാലോകവും ആരാധകരും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. പി.ആർ.ഒ: പ്രതീഷ് ശേഖർ.

സൊസൈറ്റി ടുഡേ SOCIETY TODAY



5,000ത്തിലധികം വിജയകരമായ സന്ധിമാറ്റ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയതിന്റെ ആഘോഷചടങ്ങ് 'ബാലറിന' നടി ആശ ശരത്ത് ഉദ്ഘാടനം ചെയ്യുന്നു. ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ഷുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി. ആർ. ജോൺ, ഓർത്തോപീഡിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. വിജയ മോഹൻ എസ്. തുടങ്ങിയവർ സമീപം.

5,000ത്തിലധികം സന്ധിമാറ്റ ശസ്ത്രക്രിയകളുടെ നിറവിൽ ആസ്റ്റർ മെഡ്സിറ്റി

കൊച്ചി: 5,000ത്തിലധികം വിജയകരമായ സന്ധിമാറ്റ ശസ്ത്രക്രിയകൾ പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. നേട്ടത്തെ അടയാളപ്പെടുത്തി കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് നടന്ന 'ബാലറിന' ചടങ്ങിൽ നടി ആശ ശരത്ത് മുഖ്യാതിഥിയായി രോഗമുക്തി നേടിയവരുമായി സംവദിച്ചു. ഓർത്തോപീഡിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. വിജയ മോഹൻ എസിന്റെയും ടീമിന്റെയും നേതൃത്വത്തിലാണ് 5,000ത്തിലധികം സന്ധിമാറ്റ ശസ്ത്രക്രിയകൾ ആസ്റ്റർ മെഡ്സിറ്റി വിജയകരമായി പൂർത്തിയാക്കിയത്. ഇതിൽ 500ലധികം ശസ്ത്രക്രിയകൾ ഏറ്റവും ആധുനികമായ റോബോട്ടിക് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് നടത്തിയത്.

'5,000 സന്ധിമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത് ആസ്റ്റർ മെഡ്സിറ്റി അസ്ഥി രോഗ വിഭാഗത്തിന്റെ മികവിന്റെയും അത്യാധുനിക സാങ്കേതികവിദ്യയുടെയും തെളിവാണ്. ഒരിക്കൽ കഠിനമായ സന്ധിവേദന കാരണം നടക്കാൻ പോലും ബുദ്ധിമുട്ടിയിരുന്നവർ ഇന്ന് രോഗമുക്തി നേടി ഈ സംഗമത്തിൽ ഒന്നിച്ച് കാണുമ്പോൾ ഏറെ സന്തോഷം.' ഡോ. വിജയ മോഹൻ പറഞ്ഞു.

ആഘോഷത്തിന്റെ ഭാഗമായി ആശ ശരത്തും ഓർത്തോപീഡിക് വിഭാഗം സ്റ്റാഫുകളും അണിനിരന്ന തിരുവാതിരക്കളിയും ഏറെ ശ്രദ്ധയാകർഷിച്ചു. പരമ്പരാഗത കേരളീയ വസ്ത്രധാരണത്തിൽ സന്ധിമാറ്റ ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്ക് തിരിച്ചെത്തിയ രോഗികളും ഡോക്ടർമാരും ജീവനക്കാരും ഒത്തുചേർന്നപ്പോൾ പരിപാടി മികച്ച അനുഭവമായി മാറി. ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ഷുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി. ആർ. ജോൺ, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി. എം. മുഹമ്മദ് ഹനീഷ് ഐഎഎസ്, താരദമ്പതികളായ നിഖിൽ, രമ്യ, ഓർത്തോപീഡിക് വിഭാഗം ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരും ചടങ്ങിന്റെ ഭാഗമായി.



കേരളത്തിലെ സെവൻസ് ഫുട്ബോളിന്റെ ആഗോള പ്രചാരണത്തിന് സ്പോർട്വോട്ടുമായി കൈകോർത്ത് എസ്എഫ്എ

കൊച്ചി: കേരളത്തിലെ സെവൻസ് ഫുട്ബോളിന്റെ ആഗോള പ്രചാരണത്തിനായി സെവൻസ് ഫുട്ബോൾ അസോസിയേഷൻ (എസ്എഫ്എ), സ്പോർട്വോട്ടുമായി കൈകോർക്കുന്നു. 2026 സീസണിലെ അസോസിയേഷന്റെ 13 ടൂർണമെന്റുകളുടെ ഔദ്യോഗിക തത്സമയ ദൃശ്യനിർമാണ, സ്ട്രീമിങ്, വിതരണ പങ്കാളിയായി സ്പോർട്വോട്ട് പ്രവർത്തിക്കും. മൾട്ടികാമറ സംവിധാനവും മികച്ച ഗ്രാഫിക്സും ഉപയോഗിച്ച് മത്സരങ്ങൾ സ്പോർട്വോട്ട് ആപ്പിലൂടെ മാത്രമായിരിക്കും എക്സ്ക്ലൂസീവായി സംപ്രേഷണം ചെയ്യുക. ചാപ്റ്റർ വൺ സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറും സഹസ്ഥാപകനുമായ അർണോൾഡ് വിൽസന്റെ പിന്തുണയോടെയാണ് ഈ സുപ്രധാന സഹകരണം യാഥാർഥ്യമായത്.

കേരളത്തിൽ വൻ ജനപ്രീതിയുള്ള സെവൻസ് ഫുട്ബോളിന് മുൻപ് ഡിജിറ്റൽ, ടെലിവിഷൻ സംപ്രേഷണ രംഗങ്ങളിൽ അർഹമായ പരിഗണന ലഭിച്ചിരുന്നില്ല. ഗ്രൗണ്ടിലെത്താൻ കഴിയാത്ത ആരാധകർക്ക് മത്സരങ്ങൾ കാണാനും, കളിക്കാർക്കും ക്ലബ്ബുകൾക്കും അർഹമായ ദൃശ്യപരത ലഭിക്കാനും ഉള്ള തടസ്സങ്ങൾ മാറ്റുകയാണ് ഈ പങ്കാളിത്തത്തിന്റെ പ്രധാന ലക്ഷ്യമെന്ന് സ്പോർട്വോട്ട് സഹസ്ഥാപകയും ചീഫ് മാർക്കറ്റിങ് ഓഫീസറുമായ ശുഭാംഗി ഗുപ്ത പറഞ്ഞു.

അസോസിയേഷന്റെ ടൂർണമെന്റുകളെ പ്രൊഫഷണൽ നിലവാരത്തിലേക്ക് ഉയർത്താനും ലോകമെമ്പാടുമുള്ള ആരാധകരിലേക്ക് എത്തിക്കാനും ഈ സഹകരണം സഹായിക്കുമെന്ന് സെവൻസ് ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് കെ.എം.ലെനിൻ വ്യക്തമാക്കി.

കായിക മേഖലയിലെ ഡിജിറ്റൽ പരിവർത്തനത്തിന് വഴിതുറക്കുന്ന ഈ ചുവടുവയ്പ്പ് കളിക്കാർക്ക് കൂടുതൽ അംഗീകാരവും കായികരംഗത്തിന് സാമ്പത്തിക വളർച്ചയും നേടിക്കൊടുക്കുമെന്ന് സെവൻസ് ഫുട്ബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി അഷ്റഫ് ബാവ അഭിപ്രായപ്പെട്ടു.

പ്രൈം വോളിബോൾ ലീഗ് സീസൺ 5 നവംബർ 30 മുതൽ അഹമ്മദാബാദിൽ

അഹമ്മദാബാദ്: പ്രൈം വോളിബോൾ ലീഗിന്റെ (പിവിഎൽ) അഞ്ചാം സീസൺ അഹമ്മദാബാദിൽ അരങ്ങേറും. നരൻപുരയിലെ വീർ സവർക്കർ സ്പോർട്സ് കോംപ്ലക്സിൽ നവംബർ 30 മുതലാണ് മത്സരങ്ങൾ ആരംഭിക്കുക. രാജ്യത്തുടനീളം പ്രൊഫഷണൽ വോളിബോളിന്റെ സ്വാധീനവും ജനപ്രീതിയും വർദ്ധിപ്പിക്കുകയെന്ന ലീഗിന്റെ ലക്ഷ്യവുമായി ഒരു മാസം നീണ്ടുനിൽക്കുന്ന കായിക മാമാങ്കത്തിൽ അന്താരാഷ്ട്ര പ്രതിഭകൾക്കൊപ്പം ഇന്ത്യയിലെ മുൻനിര വോളിബോൾ താരങ്ങളും മാറ്റുരയ്ക്കും.

2030 കോമൺവെൽത്ത് ഗെയിംസിനായുള്ള ഒരുക്കങ്ങളും 2036 ഒളിമ്പിക് ഗെയിംസിന് ആതിഥേയത്വം വഹിക്കാനുള്ള ശ്രമങ്ങളായി അഹമ്മദാബാദ് ഒരു പ്രധാന കായിക കേന്ദ്രമായി സ്വയം ശക്തിപ്പെടുന്നതിനിടെയാണ് പ്രൈം വോളിബോൾ ലീഗ് സീസൺ 5 ന്റെ വേദി പ്രഖ്യാപനം. നഗരത്തിന്റെ അന്താരാഷ്ട്ര കായിക അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി വിഭാവനം ചെയ്ത വീർ സവർക്കർ സ്പോർട്സ് കോംപ്ലക്സ്, ഇന്ത്യയിലെ മുൻനിര പ്രൊഫഷണൽ വോളിബോൾ ലീഗിന് അനുയോജ്യമായ വേദിയാണ് ഒരുക്കുന്നത്. കഴിഞ്ഞ സീസണിലെപോലെ ഇത്തവണയും പത്ത് ടീമുകൾ കിരീടത്തിനായി മാറ്റുരയ്ക്കും. അഹമ്മദാബാദ് ഡിഫൻഡേഴ്സ്, ബെംഗളൂരു ടോർപ്പിഡോസ്, കാലിക്കറ്റ് ഹീറോസ്, ചെന്നൈ ബ്ലിറ്റ്സ്, ഡൽഹി തൂഫാൻസ്, ഗോവ ഗാർഡിയൻസ്, കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്, കൊൽക്കത്ത തണ്ടർബോൾട്ട്സ്, മുംബൈ മിറ്റിയോർസ്, തെലുങ്ക് ബ്ലാക്ക് ഹോക്സ് ടീമുകളാണ് മത്സരിക്കുക. ബെംഗളൂരു ടോർപ്പിഡോസ് ആണ് നിലവിലെ ചാമ്പ്യന്മാർ.

ഈ വർഷം ആദ്യം, ഫെഡറേഷൻ ഇന്റർനാഷണൽ ഡി വോളിബോൾ (എഫ്ഐവിബി) ഇന്ത്യയിലെ ഒന്നാം ഡിവിഷൻ പ്രൊഫഷണൽ വോളിബോൾ ലീഗായി പിവിഎലിനെ അംഗീകരിച്ചിരുന്നു. ഇതിനിടയിൽ, 2026 ഏഷ്യൻ ഗെയിംസ്, എവിസി കോണ്ടിനെന്റൽ കപ്പ് ജപ്പാൻ, അഹമ്മദാബാദിൽ നടന്ന എവിസി പുരുഷ കപ്പ് എന്നിവയുൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങളിലെ മികച്ച പ്രകടനങ്ങളെത്തുടർന്ന് എഫ്ഐവിബി റാങ്കിംഗിൽ ഇന്ത്യൻ പുരുഷ ദേശീയ ടീം ലോക റാങ്കിംഗിൽ 60ാം സ്ഥാനത്തുനിന്ന് 42ാം സ്ഥാനത്തേക്ക് ഉയരുകയും ചെയ്തു.

സീസൺ 5 അഹമ്മദാബാദിലേക്ക് എത്തിക്കുന്നത് ഇന്ത്യയിലുടനീളം പ്രൊഫഷണൽ വോളിബോൾ വളർത്താനുള്ള ഞങ്ങളുടെ യാത്രയിലെ മറ്റൊരു സുപ്രധാന ചുവടുവയ്പ്പാണെന്ന്

പ്രൈം വോളിബോൾ ലീഗ് സിഇഒ ജോയ് ഭട്ടാചാര്യ പറഞ്ഞു. അഹമ്മദാബാദിന്റെ വളർന്നുവരുന്ന കായിക അഭിലാഷങ്ങളും ഇന്ത്യൻ പുരുഷ ദേശീയ ടീമിന്റെ മുന്നേറ്റവും കണക്കിലെടുക്കുമ്പോൾ, പിവിഎലിനെ ഈ നഗരത്തിലേക്ക് കൊണ്ടുവരാൻ ഏറ്റവും ആവേശകരമായ സമയമാണിതെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രൈം വോളിബോൾ ലീഗിനെ അഹമ്മദാബാദിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് ഏറെ അഭിമാനമുണ്ടെന്ന് അഹമ്മദാബാദ് ഡിഫൻഡേഴ്സ് ഉടമ പ്രവീൺ ചൗധരി പറഞ്ഞു. വീർ സവർക്കർ സ്പോർട്സ് കോംപ്ലക്സിൽ പിവിഎൽ സംഘടിപ്പിക്കുന്നത് നഗരത്തിന്റെ കായിക ശേഷി പ്രകടിപ്പിക്കാനുള്ള മറ്റൊരു മികച്ച അവസരമാണെന്ന് ബേസ്ലൈൻ വെഞ്ചേഴ്സ് എംഡിയും സഹസ്ഥാപകനും പ്രൈം വോളിബോൾ ലീഗ് ഡയറക്ടറുമായ തുഹിൻ മിശ്ര പറഞ്ഞു.

വൺ തൗസൻഡ് ട്രിങ്കറ്റ്സ് എക്സിബിഷനും ഫാഷൻ ഷോയും അഞ്ചിന്

കൊച്ചി: വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ദീർഘകാലമായി പ്രവർത്തിക്കുന്ന പ്രമുഖ എക്സിബിഷൻ ബ്രാൻഡായ വൺ തൗസൻഡ് ട്രിങ്കറ്റ്സ് പാലായിലേക്ക് എത്തുന്നു.

ധന്യ സുജിത് സംഘടിപ്പിക്കുന്ന എക്സിബിഷൻ അഞ്ചിന് പാലാ അൽഫോൻസ കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 10 മുതൽ രാത്രി ഒൻപതു വരെയാണ് പ്രദർശനവും വിൽപനയും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രമുഖ ഡിസൈനർമാരുടെയും സംരംഭകരുടെയും വിപുലമായ ഉത്പന്നശേഖരമാണ് എക്സിബിഷനിൽ എത്തിച്ചിരിക്കുന്നത്.

പാലാ അൽഫോൻസ കോളജുമായി സഹകരിച്ച് വർണാഭമായ ഫാഷൻ ഷോയും വേദിയിൽ അരങ്ങേറും.

സൊസൈറ്റി ടുഡേ
SOCIETY TODAY

മുഖമാണ് താക്കോൽ പുതിയ പ്രചാരണവുമായി ഗോദറേജ് സെക്യൂരിറ്റി സൊല്യൂഷൻസ്

കൊച്ചി: യുവർ ഫേസ് ഈസ് കീ മുഖമാണ് താക്കോൽ എന്ന പുതിയ പ്രചാരണത്തിന് തുടക്കമിട്ട് ഗോദറേജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ്. ഫേസ് ഐഡി സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന പുതു തലമുറ ഹോം ഡോർ ലോക്കറായ ഗോദറേജ് എൻഎക്സ് പ്രോ എൻക്രിപ്റ്റിനെ പരിചയപ്പെടുത്തുന്നതാണ് പ്രചാരണം.

സ്മാർട്ട്ഫോണുകൾ അൺലോക്ക് ചെയ്യുന്നതിനും ജോലിസ്ഥലങ്ങളിലും യാത്രകളിലും പ്രവേശനം ഉറപ്പാക്കുന്നതിനും ഇന്ന് വ്യാപകമായി ഉപയോഗിക്കുന്ന ഫേസ് ഐഡി സാങ്കേതികവിദ്യ ഉപയോഗിച്ച് വീടിന്റേയും സുരക്ഷ ഉറപ്പാക്കുന്നതിനും പ്രയോജനപ്പെടുത്താമെന്ന ആശയമാണ് പ്രചാരണത്തിലൂടെ അവതരിപ്പിക്കുന്നത്.

ഒരു സ്ത്രീയുടെ ദൈനംദിന ജീവിതത്തിലൂടെയാണ് പ്രചാരണ ചിത്രം മുന്നോട്ടുപോകുന്നത്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഫേസ് ഐഡി സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവേശനം ഉറപ്പാക്കുന്നതാണ് ചിത്രത്തിന്റെ പ്രമേയം. സ്മാർട്ട്ഫോണും ലാപ്ടോപ്പും പ്രവർത്തനക്ഷമമാക്കുന്നതു ഇതേ സാങ്കേതികവിദ്യ ഉപയോഗിച്ച് ഗോദറേജ് എൻഎക്സ് പ്രോ എൻക്രിപ്റ്റിനെ പരിചയപ്പെടുത്തുന്നതോടെ ചിത്രം പൂർത്തിയാകുന്നു.

ആഡ്ഫാക്ടേഴ്സ് പിആറുമായി സഹകരിച്ചാണ് ഈ പ്രചാരണം രൂപകൽപ്പന ചെയ്തിരിക്കുന്നത്. രാജ്യവ്യാപകമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുന്ന വിവിധ വേദികളിലൂടെയും പ്രചാരണം കൂടുതൽ പേരിലേക്ക് എത്തിക്കും.



ഇഞ്ചിയോൺ കിയയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കിയ സോറെന്റോ ഡ്രൈവിൽ പങ്കെടുത്തവരോടൊപ്പം ഇഞ്ചിയോൺ കിയ സീനിയർ വൈസ് പ്രസിഡന്റ് - ഓപ്പറേഷൻസ് & സർവീസ് റജി വർഗീസ്, സെയിൽസ് ഗ്രൂപ്പ് ഹെഡ് പ്രോജിത് സോമൻ എന്നിവർ.

ഇഞ്ചിയോൺ കിയ സോറെന്റോ ഡ്രൈവ് സംഘടിപ്പിച്ചു

കൊച്ചി: പ്രമുഖ വാഹന ഡീലർഷിപ്പായ ഇഞ്ചിയോൺ കിയയുടെ നേതൃത്വത്തിൽ കിയ സോറെന്റോ ഡ്രൈവ് സംഘടിപ്പിച്ചു. കൊച്ചി നെടുമ്പാശേരിലെ ഇഞ്ചിയോൺ കിയ ഷോറൂമിൽ നിന്ന് ആരംഭിച്ച ഡ്രൈവ്, ആലപ്പുഴ മാരാരിക്കുളത്തുള്ള 'സന്താരി പേൾ ബീച്ച് റിസോർട്ടിലാണ്' സമാപിച്ചത്.

സോഷ്യൽ മീഡിയയിലെ ജനപ്രിയ ഇൻഫ്ളുവൻസർമാരും ഉപഭോക്താക്കളും പങ്കെടുത്ത ഡ്രൈവിൽ, തീരദേശ പാതയിലൂടെ 42 കിലോമീറ്റർ ദൂരമാണ് വാഹനങ്ങൾ അണിനിരന്നത്. ഡ്രൈവിനോടനുബന്ധിച്ച് ഇഞ്ചിയോൺ കിയ കൈവരിച്ച നിർണ്ണായകമായ ഒരു നേട്ടത്തിന്റെ ആഘോഷവും ചടങ്ങിൽ നടന്നു.

ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാനത്തുനിന്നു മാത്രം 50,000 റീട്ടെയിൽ യൂണിറ്റുകൾ വിറ്റഴിക്കുന്ന ആദ്യ ഡീലർഷിപ്പ് എന്ന അപൂർവ്വ നേട്ടമാണ് ഇഞ്ചിയോൺ കിയ സ്വന്തമാക്കിയത്. നവംബർ മാസത്തിൽ ഇഞ്ചിയോൺ കിയയിൽ നിന്ന് പുതിയ വാഹനം സ്വന്തമാക്കുന്ന ഉപഭോക്താക്കൾക്കായി പ്രത്യേക സമ്മാന പദ്ധതിയും പ്രഖ്യാപിച്ചു. നവംബറിൽ വാഹനം വാങ്ങുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഭാഗ്യശാലിയ്ക്ക് 'ഐഫോൺ ഡുവോ'യും മറ്റൊരാൾക്കു ഇലക്ട്രിക് സ്കൂട്ടറും സമ്മാനമായി ലഭിക്കും.

ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ 7.34 ലക്ഷം യൂണിറ്റുകളുടെ റെക്കോർഡ് വിൽപ്പന നടത്തി

ഗുരുഗ്രാം: ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പൈവറ്റ് ലിമിറ്റഡ് (എച്ച്എംഎസ്ഐ) 2026 ഒക്ടോബറിൽ മൊത്തം 7.34 ലക്ഷം യൂണിറ്റുകളുടെ വിൽപ്പന രേഖപ്പെടുത്തി, 2025 ഒക്ടോബറിൽ വിറ്റഴിച്ച 6.50 ലക്ഷം യൂണിറ്റുകളെ അപേക്ഷിച്ച് 13% വാർഷിക വളർച്ച രേഖപ്പെടുത്തി.

2026 ഒക്ടോബറിലെ ആഭ്യന്തര വിൽപ്പന 6.64 ലക്ഷം യൂണിറ്റുകളായി, 2025 ഒക്ടോബറിൽ വിറ്റ 5.98 ലക്ഷം യൂണിറ്റുകളെ അപേക്ഷിച്ച് 11% വളർച്ച രേഖപ്പെടുത്തി. 2026 ഒക്ടോബറിൽ കയറ്റുമതി 0.69 ലക്ഷം യൂണിറ്റുകളായി, 2025 ഒക്ടോബറിൽ കയറ്റുമതി ചെയ്ത 0.51 ലക്ഷം യൂണിറ്റുകളെ അപേക്ഷിച്ച് 35% വളർച്ച രേഖപ്പെടുത്തി.

2027 സാമ്പത്തിക വർഷത്തിലെ ഇതുവരെയുള്ള കാലയളവിൽ (ഏപ്രിൽ-ഒക്ടോബർ 2026), എച്ച്എംഎസ്ഐ മൊത്തം 41.74 ലക്ഷം യൂണിറ്റുകളുടെ വിൽപ്പന രേഖപ്പെടുത്തി, 2025 ഏപ്രിൽ-ഒക്ടോബർ കാലയളവിൽ വിറ്റ 36.44 ലക്ഷം യൂണിറ്റുകളെ അപേക്ഷിച്ച് 15% വളർച്ച രേഖപ്പെടുത്തി. 2026 ഏപ്രിൽഒക്ടോബർ കാലയളവിൽ ആഭ്യന്തര വിൽപ്പന 37.08 ലക്ഷം യൂണിറ്റുകളായി, 2025 ഏപ്രിൽ-ഒക്ടോബർ കാലയളവിൽ വിറ്റ 32.80 ലക്ഷം യൂണിറ്റുകളെ അപേക്ഷിച്ച് 13% വളർച്ച രേഖപ്പെടുത്തി. 2026 ഏപ്രിൽഒക്ടോബർ കാലയളവിൽ കയറ്റുമതി 4.65 ലക്ഷം യൂണിറ്റുകളായി, 2025 ഏപ്രിൽ-ഒക്ടോബർ കാലയളവിൽ കയറ്റുമതി ചെയ്ത 3.63 ലക്ഷം യൂണിറ്റുകളെ അപേക്ഷിച്ച് 28% വളർച്ച രേഖപ്പെടുത്തി.

ധൻതേരസിന് ഫോൺപേയുടെ സ്വർണത്തിന് 2% ക്യാഷ്ബാക്ക്

കൊച്ചി: ധൻതേരസ് ആഘോഷങ്ങളുടെ ഭാഗമായി 24 കാരറ്റ് ഡിജിറ്റൽ സ്വർണം വാങ്ങുന്നവർക്ക് ക്യാഷ്ബാക്ക് ഓഫറുമായി ഫോൺപേ. നവംബർ 6ന് 2,000 രൂപയോ അതിലധികമോ വിലയുള്ള ഡിജിറ്റൽ സ്വർണം ഒറ്റത്തവണയായി വാങ്ങുന്നവർക്ക് രണ്ട് ശതമാനം ക്യാഷ്ബാക്ക് ലഭിക്കും. പരമാവധി 2,000 രൂപയാണ് ക്യാഷ്ബാക്ക്. ഓരോ ഉപയോക്താവിനും ഒരുതവണ മാത്രമാണ് ഓഫർ ലഭിക്കുക. എസ്ഐപി ഇടപാടുകൾക്ക് ഓഫർ ബാധകമല്ല. വാങ്ങുന്ന സ്വർണത്തിന് പണിക്കൂലി ഈടാക്കില്ലെന്നും ബാങ്ക് നിലവാരത്തിലുള്ള സുരക്ഷിത ലോക്കറുകളിൽ സൗജന്യമായി സൂക്ഷിക്കാമെന്നും കമ്പനി അറിയിച്ചു. സ്വർണം വിൽക്കുമ്പോൾ 48 മണിക്കൂറിനുള്ളിൽ തുക ബാങ്ക് അക്കൗണ്ടിൽ ലഭിക്കും. ഉയർന്ന പരിശുദ്ധിയുള്ള സ്വർണം ലഭ്യമാക്കുന്നതിനായി എംഎംടിസിപിഎംപി, സേഫ്ഗോൾഡ് എന്നിവയുമായി ഫോൺപേ സഹകരിക്കുന്നുണ്ട്. രാജ്യത്തുടനീളം 2.9 കോടിയിലധികം ഉപയോക്താക്കൾ പ്ലാറ്റ്ഫോമിലൂടെ ഡിജിറ്റൽ സ്വർണം വാങ്ങിയിട്ടുണ്ട്.

ജിഎസ്എംഎ ബോർഡ് തലവനായി വീണ്ടും ഗോപാൽ വിത്തലിനെ തിരഞ്ഞെടുത്തു



തിരുവനന്തപുരം: ജിഎസ്എംഎ ബോർഡ് ഓഫ് ഡയറക്ടേഴ്സ് 2027-2028 ഭരണകാലയളവിലേക്ക് ഗോപാൽ വിത്തലിനെ അധ്യക്ഷനായി വീണ്ടും തിരഞ്ഞെടുത്തു. ഉപഭോക്താക്കളുടെ എണ്ണത്തിൽ ലോകത്തിലെ രണ്ടാമത്തെ വലിയ മൊബൈൽ ഫോൺ സേവനദാതായ ഭാരതി എയർടെല്ലിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർമാനാണ് മിസ്റ്റർ വിത്തൽ. 2028 ഡിസംബർ വരെ അദ്ദേഹം തൽസ്ഥാനത്ത് തുടരും. 2025 മുതൽ അധ്യക്ഷനായ മിസ്റ്റർ വിത്തൽ കഴിഞ്ഞ 10 വർഷമായി ജിഎസ്എംഎ ബോർഡിന്റെ ഭാഗമാണ്. ജിഎസ്എംഎ ബോർഡ് പുതിയ കോ ഡെപ്യൂട്ടി ചെയർ ആയി മാർഗരീത്ത ഡെല്ല വാലെയെ തിരഞ്ഞെടുത്തു. ഒപ്പം റാൽഫ് മുപിതയെ കോ ഡെപ്യൂട്ടി ചെയർ ആയി വീണ്ടും തിരഞ്ഞെടുക്കുകയും ചെയ്തു.

ക്യാമ്പയിനുമായി കൊക്കക്കോള

കൊച്ചി: ഉത്സവകാലത്തെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിനായി കൊക്കക്കോള ഇന്ത്യ ഫൗണ്ടേഷനായ ആനന്ദനയുടെ നേതൃത്വത്തിൽ മൈതാൻ സാഫ് ക്യാമ്പയിൻ വിപുലീകരിച്ചു. വഡോദരയിലെ നവരാത്രി ആഘോഷങ്ങൾ, കൊൽക്കത്തയിലെ ദുർഗാപൂജ, മൈസൂരിലെ ദസറ എന്നിവയോടനുബന്ധിച്ചാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്നതിനൊപ്പം പുനരുപയോഗിക്കാവുന്ന ബാഗുകളുടെ ഉപയോഗവും പ്രോത്സാഹിപ്പിച്ചു. പ്രാദേശിക ഭരണകൂടങ്ങൾ, സന്നദ്ധസംഘടനകൾ, വളന്റിയർമാർ എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ നടപ്പാക്കിയത്. ശേഖരിച്ച കുപ്പികൾ അംഗീകൃത സംവിധാനങ്ങളിലൂടെ പുനഃചംക്രമണത്തിനായി കൈമാറി. 2023ലെ ക്രിക്കറ്റ് ലോകകപ്പിനിടെ ആരംഭിച്ച ക്യാമ്പയിൻ വിവിധ കായിക, സാംസ്കാരിക പരിപാടികളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

ടിസിഐക്ക് രണ്ടാംപാദ വരുമാനത്തിൽ 14.8 ശതമാനം വർധന

കൊച്ചി: ട്രാൻസ്പോർട്ട് കോർപറേഷൻ ഓഫ് ഇന്ത്യയുടെ (ടിസിഐ) 2027 സാമ്പത്തികവർഷത്തിലെ രണ്ടാം പാദ വരുമാനം 14.8 ശതമാനം ഉയർന്ന് 1,397.9 കോടിയായി. അറ്റാദായം മൂന്നു ശതമാനം വർധിച്ച് 116.9 കോടിയിലെത്തി.

ആദ്യ ആറുമാസത്തെ വരുമാനം 12 ശതമാനം ഉയർന്ന് 2,652.7 കോടി രൂപയായി. സാങ്കേതികവിദ്യാധിഷ്ഠിത ചരക്കുനീക്ക സേവനങ്ങളും ബഹുമാർഗ ഗതാഗതസൗകര്യങ്ങളും വിപുലീകരിച്ച് വളർച്ച തുടരാനാണ് കമ്പനിയുടെ ലക്ഷ്യം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com